(സി) ജില്ലയിൽ പ്രസ്തുത തസ്തികയിൽ ഇപ്പോൾ 78 ഒഴിവുകൾ ഉണ്ടെന്ന് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ദിവസക്കൂലി അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

(ഇ) ഇല്ല. ബാധകമല്ല.

(എഫ്) സർക്കാർ ദിവസക്കൂലി നിയമനം നടത്തുന്നതിന് 19-6-2003-ൽ ഉത്തരവ് (പി) നമ്പർ 166/03/പൊവി. എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഹാജരാകുന്നു.†

(ജി) ഇല്ല.

(എച്ച്) നിയമ വിരുദ്ധമായ ഉത്തരവ് ഇറക്കിയിട്ടില്ലാത്തതിനാൽ ഉദ്യോഗസ്ഥരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കേണ്ട ആവശ്യം ഉദിക്കുന്നില്ല.

കോഴിക്കോട് ജില്ലയിലെ എൽ.പി./യു.പി. അസിസ്റ്റന്റ് നിയമനം

102 [5082] ശ്രീ. യു സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എൽ.പി./യു.പി. അസിസ്റ്റന്റിന്റെ എത്ര ഒഴിവുകളാണ് പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തത് എന്ന് വ്യക്തമാക്കാമോ;

(ബി) 2002 ഫെബ്രുവരി മാസം പുറപ്പെടുവിച്ച ഗവൺമെന്റിന്റെ ഉത്തരവുപ്രകാരം എത്ര ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(സി) 2003-04-ൽ ഉള്ള റിട്ടയർമെന്റ് വേക്കൻസി എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൈമറി ഹെഡ്മാസ്റ്റർമാരായി പ്രമോഷൻ കൊടുത്ത വകയിൽ എത്ര ഒഴിവ് വന്നു എന്ന് വ്യക്തമാക്കാമോ;

(ഇ) റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം നൽകി എന്ന് വിശദീകരിക്കാമോ;

(എഫ്) പുതിയ ലിസ്റ്റിൽ നിന്നും എന്ന് നിയമനം നടത്തുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 35 എൽ.പി./യു.പി. അസിസ്റ്റന്റുമാരുടെ ഒഴിവുകളാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തത്.

(ബി) 98 ഒഴിവുകൾ.

(സി) 66 ഒഴിവുകൾ.

(ഡി) 95 ഒഴിവുകൾ.

(ഇ) ആർക്കും നിയമനം നൽകിയിട്ടില്ല.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സെക്രട്ടറിമാരുടെ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

വയനാട് ജില്ലയിൽ അദ്ധ്യാപക റാങ്ക് ഹോൾഡേഴ്സ് സംഘടനയുടെ കേസുകൾ

103 [5083] ശ്രീ. എൻ. ശക്തൻ:
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ അദ്ധ്യാപകരായി നിയമിക്കപ്പെടാനുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ളവരുടെ സംഘടനയും വിദ്യാഭ്യാസ വകുപ്പും തമ്മിൽ 1998 ജനുവരി മുതൽ ഇതുവരെ എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഓരോ കേസിന്റെയും പ്രയർ എന്തായിരുന്നു എന്നും അതിന്റെ വിധി എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(സി) വയനാട് ജില്ലയുടെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരിൽ ആരെങ്കിലും ഇപ്പോൾ കോടതിയലക്ഷ്യ കേസിനെ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10 കേസുകൾ.

(ബി) കേസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

2 കേസുകളിൽ 7-7-2003 വരെ ഡെപ്യൂട്ടി ഡയറക്ടർ ആയിരുന്ന ശ്രീ. എൻ. ത്യാഗരാജൻ കോടതിയലക്ഷ്യ നടപടിയെ നേരിടുകയാണ്. അതിനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു:

1. 2-1-2001 വരെ നിലവിലുണ്ടായിരുന്ന എൽ.പി./യു.പി. അസിസ്റ്റന്റ് ലിസ്റ്റിൽ നിന്ന് നിയമനത്തിനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടായ കാലതാമസം.

2. എച്ച്.എസ്.എ. നാച്ചുറൽ സയൻസ് തസ്തികയിൽ നിയമനത്തിന് പി.എസ്.സി. ശുപാർശ ചെയ്തെങ്കിലും ഒഴിവ്, ശുപാർശ ലഭിച്ച സമയത്ത് ഇല്ലാതായതുമൂലം നിയമനം മൂന്നു മാസത്തിനകം നൽകാനായില്ല. ഇതിനെതിരെ ശ്രീമതി ഷീജ ജെയിംസ് കോടതിയെ സമീപിച്ചപ്പോൾ കോടതി നോഷണൽ നിയമനവും പിരിച്ചയയ്ക്കലും നടത്താൻ ഉത്തരവായെങ്കിലും വിധി പകർപ്പ് ലഭിക്കാത്തതിനാൽ യഥാസമയം നോഷണൽ നിയമനം നൽകാൻ കഴിഞ്ഞില്ല.

† അനുബന്ധം VI.

LIBRARY ARCHIVES Kerala Legislative Assembly